DIRECTORATE OF WOMEN AND CHILD DEVELOPMENT DEPARTMENT POOJAPPURA

കേരള സർക്കാർ

"ഭരണഭാഷ മാതൃഭാഷ"

നം. സാനീവ-ബി3/65/2020/സാനീവ

സാമൂഹ്യ നീതി (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 27.02.2020

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് - 2020 മാർച്ച് 8 - വനിതാദിനാചരണം - ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1. സർക്കുലർ നമ്പർ 1556/ബി3/2016/സാനീവ തീയതി 26.05.2016.
2. സ.ഉ(സാധാ)നം. 489/2018/സാനീവ തീയതി 13.08.2019.
3. സ.ഉ(സാധാ)നം. 554/2018/സാനീവ തീയതി 25/09/2018.

പത്തും അതിൽ കൂടുതലും ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്ന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സൂചന (2) ഉത്തരവ് പ്രകാരം Sexual Harassment of Women at Workplace (Prevention, Prohibition & Redressal) Act 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ അത് ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിക്ക് അയച്ചു കൊടുക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പിലെ 258 ശിശു വികസന പദ്ധതി ആഫീസർമാരെ നോഡൽ ആഫീസർമാരായി നിയമിക്കുവാൻ ജില്ലാ കളക്ടർമാർക്ക് സൂചന(3) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വനിതാ ദിനാചരണത്തിന്റെ ഭാഗമായി Sexual Harassment of Women at Workplace (Prevention, Prohibition & Redressal) Act 2013 പ്രകാരം ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്ത കാര്യാലയങ്ങളിൽ അടിയന്തിരമായി ഇന്റേണൽ കമ്മിറ്റി രൂപീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നു. ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിൽ മേധവിക്കെതിരെ ആക്ടിൽ 26-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം 50,000/-രൂപ വരെ പിഴ ഈടാക്കുന്നതാണെന്നും അറിയിക്കുന്നു. കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ വനിത

WFC

ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
(ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനായി)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ തലവന്മാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ